3288
24/2/21

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതിവകുപ്പ് - കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനിലെ സർക്കാർ അംഗീകാരമുള്ള തസ്തികകളിലെ ജീവനക്കാർക്ക് പത്താം ശമ്പള പരിഷ്കരണം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാമൂഹ്യനീതി (ഡി) വകുപ്പ്

സ.ഉ.(കൈ) നം.12/2021/സാ.നീ.വ   തീയതി,തിരുവനന്തപുരം, 23/02/2021

പരാമർശം:- 1 സ.ഉ(കൈ)നം.39/2016/സാ.നീ.വ തീയതി 24.06.2016

2 സ.ഉ (കൈ )നം 13/2017/സാ.നീ.വ തീയതി 29.03.2017

3 സ.ഉ (കൈ )നം 2/2020/സാ.നീ.വ തീയതി 10.01.2020

4 കേരള വികലാംഗക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 27.10.2020-ലെ 39/2020/എ4/വി.ക്ഷേ.കോ നമ്പർ കത്ത്

5 12-02-2021 ലെ പബ്ലിക് എന്റർപ്രൈസസ് ബോർഡിന്റെ യോഗ തീരുമാനം

<u>ഉത്തരവ്</u>

കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനിലെ വിവിധ കാറ്റഗറികളിലെ തസ്തികകളുടെ എണ്ണം നിശ്ചയിച്ച് പരാമർശം (1) പ്രകാരം ഉത്തരവ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം കോർപ്പറേഷനിൽ 34 സ്ഥിരം തസ്തികകളുണ്ട്. കൂടാതെ പരാമർശം (3)-ലെ ഉത്തരവ് പ്രകാരം കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനിൽ വർക്കർ തസ്തികയിൽ 13 സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് .

2) പരാമർശം (2) ലെ ഉത്തരവ് പ്രകാരം കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷനിലെ ജീവനക്കാർക്ക് 9:ാ:ം ശമ്പള പരിഷ്കരണം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ശമ്പളപരിഷ്കരണ ഉത്തരവിൽ ശമ്പള കുടിശ്ശിക, മറ്റു ചെലവുകൾ എന്നിവ കോർപ്പറേഷൻ സ്വന്തം ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണെന്നും, ശമ്പളപരിഷ്കരണത്തിന്റെ എല്ലാ ബാധ്യതകളും കോർപ്പറേഷൻ്െറ തനതു ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണെന്നും, സർക്കാരിൻ്െറ മുൻകൂർ അനുമതിയില്ലാതെ ശമ്പള സ്കെയിൽ പരിഷ്കരണം, റേഷ്യോ

പ്രമോഷൻ, അപ്ഗ്രഡേഷൻ, തസ്തികകളുടെ പുനർനാമകരണം എന്നിവ നടപ്പാക്കാൻ പാടില്ലെന്നും, ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ (ശമ്പളം, അലവൻസുകൾ, ലീവ്, പ്രൊമോഷൻ, പെൻഷൻ പ്രായം എന്നിവയുൾപ്പെടെ) സർക്കാരിൻെറ മുൻകൂർ അനുമതിയില്ലാതെ യാതൊരു ഭേദഗതിയും വരുത്താൻ പാടില്ല എന്നും സർക്കാർ ജീവനക്കാർക്ക് അനുവദനീയമല്ലാത്ത ആനുകൂല്യങ്ങളെന്തെങ്കിലും വികലാംഗക്ഷേമ കോർപ്പറേഷൻ ജീവനക്കാർക്ക് നൽകുന്നുണ്ടെങ്കിൽ ആയത് ശമ്പളപരിഷ്കരണം നടപ്പാക്കുന്നതിന് മുൻപ് നിർത്തലാക്കേണ്ടതാണെന്നും, ശമ്പളസ്കെയിലുകളുടെയും അലവൻസുകളുടെയും പരിഷ്കരണം പ്രാബല്യത്തിൽ വരുന്ന തീയതി സംബന്ധിച്ച് 26.02.2011ലെ സ.ഉ(പി)നം.85/2011/ധന നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണെന്നും പാർട്ട് ടൈം ജീവനക്കാരുടെ ശമ്പള നിർണ്ണയം സംബന്ധിച്ച് 15.07.2011ലെ 42/2011/ധന നമ്പർ സർക്കുലറിലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിരുന്നു.

3) കേരള വികലാംഗക്ഷേമ കോർപറേഷനിലെ ജീവനക്കാർക്ക് സർക്കാർ ജീവനക്കാർക്ക് അനുവദിച്ച 10-ാം ശമ്പള പരിഷ്കരണം അനുവദിക്കണമെന്നും ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിന് വേണ്ടി വരുന്ന അധിക സാമ്പത്തിക ബാദ്ധ്യത കോർപ്പറേഷൻെറ തനതു ഫണ്ടിൽ നിന്നും വഹിക്കാവുന്നതാണെന്നും പരാമർശം (4) ലെ കത്ത് പ്രകാരം എം.ഡി അറിയിച്ചിരുന്നു.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷനിലെ സർക്കാർ അംഗീകാരമുള്ള തസ്തികകൾക്ക് 01.07.2014 മുതൽ നോഷണലായും 01.01.2021 മുതൽ സാമ്പത്തിക ആനുകൂല്യങ്ങളോടു കൂടിയും ചുവടെ പറയുന്ന നിബന്ധനകൾക്കു വിധേയമായി പത്താം ശമ്പള പരിഷ്കരണം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | തസ്തിക | എണ്ണം | നിലവിലുള്ള ശമ്പള സ്കെയിൽ | പരിഷ്കരിച്ച ശമ്പള സ്കെയിൽ |
|---|---|---|---|---|
| 1 | മാനേജിംഗ് ഡയറക്ടർ | 1 | മാതൃ വകുപ്പിലേതു പോലെ | മാതൃ വകുപ്പിലേതു പോലെ |
| 2 | ഫിനാൻസ് ഓഫീസർ | 1 | മാതൃ വകുപ്പിലേതു പോലെ | മാതൃ വകുപ്പിലേതു പോലെ |
| 3 | റീജിയണൽ ഓഫീസർ | 2 | 18740-33680 | 35700-75600 |
| 4 | ജൂനിയർ സൂപ്രണ്ട് | 1 | 16180-29180 | 30700-65400 |
| 5 | കമ്പ്യൂട്ടർ ഓപ്പറേറ്റർ | 1 | 11620-20240 | 22200-48000 |
| 6 | പ്രോജക്ട് അസ്സിസ്റ്റന്റ് | 1 | 11620-20240 | 22200-48000 |

| | | | | |
|---|---|---|---|---|
| 7 | യു.ഡി ക്ലാർക്ക് | 2 | 11620-20240 | 22200-48000 |
| 8 | യു.ഡി അക്കൌണ്ടൻറ് | 1 | 11620-20240 | 22200-48000 |
| 9 | കോൺഫിഡൻഷ്യൽ അസിസ്റ്റൻറ് | 1 | 10480-18300 | 20000-45800 |
| 10 | ക്ലാർക്ക്-കം- അക്കൌണ്ടന്റ് | 1 | 11620-20240 | 22200-48000 |
| 11 | മാനേജർ | 1 | 9190-15780 | 18000-41500 |
| 12 | എൽ.ഡി ക്ലാർക്ക് | 3 | 9190-15780 | 18000-41500 |
| 13 | ക്ലാർക്ക്-കം-കാഷ്യർ | 1 | 9190-15780 | 18000-41500 |
| 14 | എൽ.ഡി അക്കൌണ്ടൻറ് | 2 | 9190-15780 | 18000-41500 |
| 15 | എൽ.ഡി ടൈപ്പിസ്റ്റ് | 1 | 9190-15780 | 18000-41500 |
| 16 | അസിസ്റ്റന്റ് മാനേജർ | 1 | 8730-13540 | 17000-37500 |
| 17 | ഡ്രൈവർ | 1 | 9190-15780 | 18000-41500 |
| 18 | * വർക്കർ/സെയിൽസ് മാൻ/അറ്റൻഡർ | 17 | 8500-13210 | 16500-35700 |
| 19 | സെയിൽസ് വുമൺ | 2 | 8500-13210 | 16500-35700 |
| 20 | സ്റ്റോർ അസ്സിസ്റ്റന്റ് | 1 | 8960-14260 | 17500-39500 |
| 21 | പ്യൂൺ | 2 | 8500-13210 | 16500-35700 |
| 22 | പ്യൂൺ-കം-സ്വീപ്പർ | 1 | 8500-13210 | 16500-35700 |
| 23 | പാർട്ട് ടൈം സ്വീപ്പർ | 2 | 4850-7500 | 9340-14800 |
| | | | 4250-6700 | 8200-13340 |

1. ശമ്പള പരിഷ്കരണം 01.07.2014 മുതൽ നോഷണലായിരിക്കും. 01.01.2021 മുതൽ മാത്രമേ സാമ്പത്തിക ആനുകൂല്യങ്ങൾ അനുവദിക്കുകയുള്ളൂ. 01.01.2021 മുതൽ ഉത്തരവ് തീയതി വരെയുള്ള ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിക്കുന്നത് സംബന്ധിച്ച് സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതി ആശ്രയിച്ച് ഡയറക്ടർ ബോർഡിന് തീരുമാനമെടുക്കാവുന്നതാണ് .

2. 01.07.2014-ന് നിലവിലുള്ള 80% ക്ഷാമബത്ത അടിസ്ഥാന ശമ്പളത്തോടൊപ്പം ലയിപ്പിക്കപ്പെടുന്നതാണ്. 01.07.2014-ലെ ക്ഷാമബത്ത പൂജ്യമായിരിക്കും. തുടർന്ന് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവ് പ്രകാരമുള്ള ക്ഷാമബത്ത നിരക്കുകൾ മേല്പറഞ്ഞ ജീവനക്കാർക്കും ബാധകമായിരിക്കുന്നതാണ്.

3. ശമ്പള നിർണ്ണയം സംബന്ധിച്ച് 20/01/2016 ലെ സ ഉ( പി ) നം .07/2016/ധന നം ഉത്തരവിന്റെ അനക്സർ II ലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ് സർവീസ് വെയിറ്റേജിന് കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷനിലെ റെഗുലർ സർവീസ് മാത്രം പരിഗണിക്കേണ്ടതാണ്.

4. വീട്ടു വാടക ബത്ത 20/01/2016 ലെ സ.ഉ(പി)നം. 7/2016/ധന നമ്പർ ഉത്തരവിന്റെ ഖണ്ഡിക 14 ലെ വ്യവസ്ഥകൾക്കനുസൃതമായി അനുവദിക്കാവുന്നതാണ് .

5. സിറ്റി കോമ്പൻസേറ്ററി അലവൻസ് 20/01/2016 ലെ സ.ഉ(പി) നം. 7/2016/ധന നമ്പർ ഉത്തരവിന്റെ ഖണ്ഡിക 16 ലെ വ്യവസ്ഥകൾ പ്രകാരം അനുവദിക്കാവുന്നതാണ്. ഇത് നഗരപരിധിയിൽ സ്ഥിതി ചെയ്യുന്ന ഓഫീസുകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് മാത്രമായി നിജപ്പെടുത്തേണ്ടതാണ്.

6. സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് 20/01/2016 ലെ സ.ഉ(പി) നം.7/2016/ധന നമ്പർ ഉത്തരവിന്റെ Annexure III ലെ ഖണ്ഡിക 19 ഒഴികെയുള്ള വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.

7. *10.1.2020-ലെ സ.ഉ.(കൈ) നം.2/2020/സാ.നീ.വ ഉത്തരവ് പ്രകാരം സൂപ്പർ ന്യൂമറിയായി സൃഷ്ടിച്ച വർക്കർ തസ്തികയിൽ നിയമിക്കപ്പെട്ടവർ വിരമിക്കുന്ന മുറയ്ക്ക് ടി തസ്തികകൾ നിർത്തലാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

8. റേഷ്യോ പ്രൊമോഷൻ/അപ്ഗ്രഡേഷൻ/തസ്തിക പുനർ നാമകരണം തുടങ്ങിയവ സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ നടപ്പിലാക്കാൻ പാടില്ല .

9. ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ (ശമ്പളം, അലവൻസുകൾ, ലീവ്, പ്രൊമോഷൻ എന്നിവയുൾപ്പെടെ) സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ യാതൊരു ഭേദഗതിയും വരുത്തുവാൻ പാടുള്ളതല്ല .

10. മേൽ പട്ടികയിലുള്ള തസ്തികകൾക്കു മാത്രമാണ് ഈ ശമ്പള പരിഷ്കരണം ബാധകമായിട്ടുള്ളത്. സർക്കാർ ജീവനക്കാർക്ക് അനുവദനീയമല്ലാത്ത ആനുകൂല്യങ്ങൾ എന്തെങ്കിലും കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷനിലെ ജീവനക്കാർക്കു നല്കുന്നുണ്ടെങ്കിൽ ആയത് ശമ്പള പരിഷ്കരണ ഉത്തരവ് നടപ്പിലാക്കുന്നതിന് മുൻപ നിർത്തലാക്കേണ്ടതാണ്.

11. സർക്കാരിന്റെ മുൻകൂർ അനുവാദമില്ലാതെ പുതിയ തസ്തികകൾ (റെഗുലർ, ഡെപ്യൂട്ടേഷൻ, താൽക്കാലികം, ദിവസക്കൂലി, കരാർ അടിസ്ഥാനം മുതലായവ) സൃഷ്ടിക്കുവാനോ നിലവിലുള്ളവയുടെ ശമ്പള സ്കെയിൽ ഉയർത്തുവാനോ പാടുള്ളതല്ല.

12. ശമ്പള പരിഷ്കരണ ഉത്തരവിലെ വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും സംശയം ഉണ്ടാകുന്ന പക്ഷം തീരുമാനമെടുക്കുന്നതിനു മുൻപ് ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായേണ്ടതാണ്.

13. കരാർ / ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ജീവനക്കാർക്ക് ഈ ശമ്പള പരിഷ്കരണം ബാധകമല്ല. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ, കരാർ അടിസ്ഥാനത്തിലോ ജീവനക്കാരെ നിയമിക്കുമ്പോൾ അവരുടെ സേവന വേതന വ്യവസ്ഥകൾ പരസ്യപ്പെടുത്തേണ്ടതും, ടി ജീവനക്കാരുടെ സേവനം നിശ്ചിത കാലാവധി തീരുന്ന മുറയ്ക്ക് അവസാനിപ്പിച്ച്, സർക്കാർ അംഗീകാരമുള്ള തസ്തികകളിലേക്ക് മാത്രം നിയമാനുസൃത രീതിയിൽ നിയമനം നടത്തേണ്ടതുമാണ്.

14. എംപ്ലോയീസ് പ്രോവിഡൻറ് ഫണ്ട് പദ്ധതിയിലേക്കുള്ള തൊഴിലുടമാ വിഹിതം സംബന്ധിച്ച് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ആക്ടിലെ വ്യവസ്ഥകളും കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങളും കർശനമായി പാലിക്കേണ്ടതാണ്.

15. യാതൊരു സാഹചര്യത്തിലും സർക്കാർ നൽകുന്ന പ്ലാൻ ഗ്രാന്റ്, ശമ്പളം ഉൾപ്പെടെയുള്ള ഭരണ ചെലവുകൾക്കായി വകമാറ്റി ചെലവഴിക്കാൻ പാടില്ല. പ്ലാൻ ഗ്രാൻറിൽ നിന്നുള്ള ചെലവിൻെറ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തേണ്ടതാണ്.

16. സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണ ഉത്തരവിന് അനുബന്ധമായി പിന്നീട് ഇറങ്ങുന്ന ഉത്തരവുകൾ മുൻകൂർ സർക്കാർ അനുമതിയില്ലാതെ കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനിലെ ജീവനക്കാർക്ക് ബാധകമാക്കാൻ പാടില്ല.

17. ശമ്പള പരിഷ്കരണത്തിനു വേണ്ടി വരുന്ന അധിക സാമ്പത്തിക ബാധ്യത കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷന്റെ തനതു ഫണ്ടിൽ നിന്ന് നിർവ്വഹിക്കേണ്ടതാണ്. ഇക്കാര്യത്തിൽ സർക്കാർ ഒരു ബാധ്യതയും ഏറ്റെടുക്കുന്നതല്ല.

18. ഭിന്നശേഷിയുള്ള ജീവനക്കാർക്ക് പ്രതിമാസം 1000/- രൂപ സ്പെഷ്യൽ അലവൻസിന് അർഹതയുണ്ടായിരിക്കുന്നതാണ്.

19. മേൽ നിബന്ധനകളിൽ സർക്കാർ അംഗീകാരമില്ലാതെ നടത്തുന്ന വ്യതിയാനങ്ങൾക്ക് കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷനിലെ മാനേജിംഗ് ഡയറക്ടർ വ്യക്തിപരമായി ഉത്തരവാദിയായിരിക്കുന്നതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ( എ & ഇ / ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം
ധനകാര്യ (പി.യു.സി) വകുപ്പ് (Vide PU-C4/149/2020-FIN dated 08-02-2021 & 23-02-2021)
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്( Vide Note No. PLGEA-BPE2/179/2020-PLGEA dated 14.12.2020 & 12.2.2021 )
പൊതുഭരണ (എസ്.സി) വകുപ്പ്(Vide item no. dated )
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by Jasmine Thomas
Date: 2021.02.24 10:3[illegible] IST
Reason: Approved

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 17-02-2021

ഫയൽ നം. 312/ഡി2/2020/സാ.നീ.വ. ഇനം നം: 4758

വിഷയം : സാമൂഹ്യനീതി വകുപ്പ് - കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ ജീവനക്കാർക്കു കൂടി 10-ാം ശമ്പളപരിഷ്കരണ ആനുകൂല്യങ്ങൾ അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്.

കേരള സർക്കാർ
(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | : 312/ഡി2/2020/സാ.നീ.വ |
| 2. | വകുപ്പ് | : സാമൂഹ്യനീതി(ഡി) വകുപ്പ് |
| 3. | വിഷയം | : സാ-നീ-വ- കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ ജീവനക്കാർക്കു കൂടി 10-ാം ശമ്പളപരിഷ്കരണ ആനുകൂല്യങ്ങൾ അനുവദിക്കുന്നത് - സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 16.02.2021 |
| 5. | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | : ഉണ്ട് |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : ഉണ്ട് |
| 7. | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | : ശ്രീമതി.ചിത്ര.എം.എസ് |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : ശ്രീ.ബിജു പ്രഭാകർ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : 16.02.2021 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : Dr. ശ്രീ.വിശ്വാസ് മേത്ത |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 16.02.2021 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : 16.02.2021 |
| 14. | കുറിപ്പിന്റെ പകർപ്പ് സമർപ്പിച്ച തീയതി | : 16.02.2021 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | : |

/

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷനിലെ ജീവനക്കാർക്ക് സർക്കാർ ജീവനക്കാർക്ക് അനുവദിച്ച് 10-ാം ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നത് സംബന്ധിച്ചതാണ് ഈ കുറിപ്പ്.

2) G.O(P) 7/2016/FIN dated 20.1.2016 സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാർക്ക് അനുവദിച്ച 10-ാം ശമ്പള പരിഷ്കരണം കോർപ്പറേഷനിലെ ജീവനക്കാർക്കും അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിലേക്ക് സമർപ്പിക്കുന്നതിന് 30.12.2019-ൽ കൂടിയ കോർപ്പറേഷന്റെ 199-ാമത് ഡയറക്ടർ ബോർഡ് യോഗം തീരുമാനിക്കുകയുണ്ടായി. പ്രസ്തുത യോഗത്തിൽ കോർപറേഷനിൽ 10-ാം ശമ്പള പരിഷ്കരണം അനുവദിക്കുന്നതിന് ശുപാർശ ചെയ്യുവാൻ തീരുമാനിച്ചുവെന്നും കോർപ്പറേഷന്റെ ഡയറക്ടർ ബോർഡ് അംഗീകരിച്ച നിയമന ചട്ടങ്ങൾ ഇപ്പോൾ സർക്കാർ നടപടി സ്വീകരിച്ചു വരികയാണെന്നും കോർപ്പറേഷന്റെ ബഹുഭൂരിപക്ഷം ഭിന്നശേഷിക്കാരായ ജീവനക്കാർക്ക് ലഭിക്കുന്ന പെൻഷൻ, സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ലഭിക്കുന്ന പെൻഷൻ ഒഴികെ അതേ പേ സ്കെയിലും കാലാകാലങ്ങളിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് പ്രഖ്യാപിക്കുന്ന ഡി.എ യുമാണ് അനുവദിച്ചിട്ടുള്ളതെന്നും മാനേജിംഗ് ഡയറക്ടർ അറിയിച്ചിരുന്നു.

3) G.O (MS) 13/2017/SJD dated 29.3.2017 ഉത്തരവ് പ്രകാരം കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷനിലെ ജീവനക്കാർക്ക് 9-ാം ശമ്പള പരിഷ്കരണ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ശമ്പളപരിഷ്കരണ ഉത്തരവിൽ ശമ്പള കുടിശ്ശിക, മറ്റു ചെലവുകൾ എന്നിവ കോർപ്പറേഷൻ സ്വന്തം ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണെന്നും, ശമ്പളപരിഷ്കരണത്തിന്റെ എല്ലാ ബാധ്യതകളും കോർപ്പറേഷന്റെ തനതു ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണെന്നും, സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ ശമ്പള സ്കെയിൽ പരിഷ്കരണം, റേഷ്യോ പ്രമോഷൻ, അപ്ഗ്രഡേഷൻ, തസ്തികകളുടെ പുനർനാമകരണം എന്നിവ നടപ്പാക്കാൻ പാടില്ലെന്നും, ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ (ശമ്പളം, അലവൻസുകൾ, ലീവ്, പ്രൊമോഷൻ, പെൻഷൻ പ്രായം എന്നിവയുൾപ്പെടെ) സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ യാതൊരു ഭേദഗതിയും വരുത്താൻ പാടില്ല എന്നും സർക്കാർ ജീവനക്കാർക്ക് അനുവദനീയമല്ലാത്ത ആനുകൂല്യങ്ങളെന്തെങ്കിലും വികലാംഗക്ഷേമ കോർപ്പറേഷൻ ജീവനക്കാർക്ക് നൽകുന്നുണ്ടെങ്കിൽ ആയത് ശമ്പളപരിഷ്കരണം നടപ്പാക്കുന്നതിന് മുൻപ് നിർത്തലാക്കേണ്ടതാണെന്നും, ശമ്പളസ്കെയിലുകളുടെയും അലവൻസുകളുടെയും പരിഷ്കരണം പ്രാബല്യത്തിൽ വരുന്ന തീയതി സംബന്ധിച്ച് 26.02.2011 ലെ സ.ഉ(പി) നം.85/2011/ധന നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണെന്നും പാർട്ട് ടൈം ജീവനക്കാരുടെ ശമ്പള നിർണ്ണയം സംബന്ധിച്ച് 15.07.2011 ലെ 42/2011/ധന നമ്പർ സർക്കുലറിലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിരുന്നു.

4) 24.6.2016 ലെ സ.ഉ(എം.എസ്)39/16/സാ.നീ.വ പ്രകാരം കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനിലെ വിവിധ കാറ്റഗറികളിലെ തസ്തികകളുടെ എണ്ണം നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം

കോർപ്പറേഷനിൽ 34 സ്ഥിരം തസ്തികകളുണ്ട്. 10.1.2020-ലെ G.O(MS) 2/2020/SJD ഉത്തരവ് പ്രകാരം കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനിലെ താത്ക്കാലികമായി ജോലി ചെയ്തു വന്നിരുന്ന 13 ജീവനക്കാരെ സൂപ്പർന്യൂമററി തസ്തികൾ സൃഷ്ടിച്ച് റെഗുലറൈസ് ചെയ്തിരുന്നു.

5) സർക്കാർ ജീവനക്കാർക്ക് അനുവദിച്ച 10-ാം ശമ്പള പരിഷ്കരണം കോർപ്പറേഷനിലെ ജീവനക്കാർക്കും അനുവദിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് എം.ഡി അഭ്യർത്ഥിച്ചിരുന്നു. കൂടാതെ 10-ാം ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിന് വേണ്ടി വരുന്ന അധിക സാമ്പത്തിക ബാദ്ധ്യത കോർപ്പറേഷന്റെ തനതു ഫണ്ടിൽ നിന്നും വഹിക്കാവുന്നതാണെന്നും എം.ഡി അറിയിച്ചിരുന്നു.

6) ഈ വിഷയത്തിൽ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ അഭിപ്രായം ആരായുകയും പ്രസ്തുത വകുപ്പിന്റെ അഭിപ്രായം ചുവടെ കണ്ടാലും.

"Administrative Department is informed that this department recommends the proposal and advise to re-transmit the file after obtaining the concurrence of Finance Department for placing the proposal before the Public Enterprises Board for consideration. AD may also advice the Corporation to make the statutory audit up to date."

7) സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് കൃത്യമായി നടത്തുവാൻ കേരള വികലാംഗക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

8) 10-ാം ശമ്പള പരിഷ്കരണം കോർപ്പറേഷനിലെ ജീവനക്കാർക്കും അനുവദിക്കുന്ന വിഷയത്തിൽ അഭിപ്രായത്തിനായി ഫയൽ ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചിരുന്നു. പ്രസ്തുത വകുപ്പിന്റെ അഭിപ്രായം ചുവടെ കണ്ടാലും.

"കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷനിലെ സർക്കാർ അംഗീകാരമുള്ള തസ്തികകൾക്ക് 01.07.2014 മുതൽ നോഷണലായും 01.04.2017 മുതൽ സാമ്പത്തിക ആനുകൂല്യങ്ങളോടു കൂടിയും താഴെ പറയുന്ന നിബന്ധനകൾക്കു വിധേയമായി പത്താം ശമ്പള പരിഷ്കരണം അനുവദിക്കാവുന്നതാണ്.

| ക്രമ നമ്പർ | തസ്തിക | എണ്ണം | നിലവിലുള്ള ശമ്പള സ്കെയിൽ | പരിഷ്കരിച്ച ശമ്പള സ്കെയിൽ |
|---|---|---|---|---|
| 1 | മാനേജിംഗ് ഡയറക്ടർ | 1 | മാതൃ വകുപ്പിലേതു പോലെ | മാതൃ വകുപ്പിലേതു പോലെ |
| 2 | ഫിനാൻസ് ഓഫീസർ | 1 | മാതൃ വകുപ്പിലേതു പോലെ | മാതൃ വകുപ്പിലേതു പോലെ |
| 3 | റീജിയണൽ ഓഫീസർ | 2 | 18740-33680 | 35700-75600 |
| 4 | ജൂനിയർ സൂപ്രണ്ട് | 1 | 16180-29180 | 30700-65400 |
| 5 | കമ്പ്യൂട്ടർ ഓപ്പറേറ്റർ | 1 | 11620-20240 | 22200-48000 |
| 6 | പ്രോജക്ട് അസ്സിസ്റ്റന്റ് | 1 | 11620-20240 | 22200-48000 |

| | | | | |
|---|---|---|---|---|
| 7 | യു.ഡി ക്ലാർക്ക് | 2 | 11620-20240 | 22200-48000 |
| 8 | യു.ഡി അക്കൗണ്ടന്റ് | 1 | 11620-20240 | 22200-48000 |
| 9 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 1 | 10480-18300 | 20000-45800 |
| 10 | ക്ലാർക്ക്-കം- അക്കൗണ്ടന്റ് | 1 | 11620-20240 | 22200-48000 |
| 11 | മാനേജർ | 1 | 9190-15780 | 18000-41500 |
| 12 | എൽ.ഡി ക്ലാർക്ക് | 3 | 9190-15780 | 18000-41500 |
| 13 | ക്ലാർക്ക്-കം-കാഷ്യർ | 1 | 9190-15780 | 18000-41500 |
| 14 | എൽ.ഡി അക്കൗണ്ടന്റ് | 2 | 9190-15780 | 18000-41500 |
| 15 | എൽ.ഡി ടൈപ്പിസ്റ്റ് | 1 | 9190-15780 | 18000-41500 |
| 16 | അസിസ്റ്റന്റ് മാനേജർ | 1 | 8730-13540 | 17000-37500 |
| 17 | ഡ്രൈവർ | 1 | 9190-15780 | 18000-41500 |
| 18 | * വർക്കർ/സെയിൽസ് മാൻ/അറ്റൻഡർ | 17 | 8500-13210 | 16500-35700 |
| 19 | സെയിൽസ് വുമൺ | 2 | 8500-13210 | 16500-35700 |
| 20 | സ്റ്റോർ അസ്സിസ്റ്റന്റ് | 1 | 8960-14260 | 17500-39500 |
| 21 | പ്യൂൺ | 2 | 8500-13210 | 16500-35700 |
| 22 | പ്യൂൺ-കം-സ്വീപ്പർ | 1 | 8500-13210 | 16500-35700 |
| 23 | പാർട്ട് ടൈം സ്വീപ്പർ | 2 | 4850-7500<br>4250-6700 | 9340-14800<br>8200-13340 |

1. ശമ്പള പരിഷ്കരണം 01.07.2014 മുതൽ നോഷണലായിരിക്കും. 01.04.2017 മുതൽ മാത്രമേ സാമ്പത്തിക ആനുകൂല്യങ്ങൾ അനുവദിക്കുകയുള്ളൂ. 01.04.2017 മുതൽ ഉത്തരവ് തീയതി വരെയുള്ള ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിക്കുന്നത് സംബന്ധിച്ച് സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതി ആശ്രയിച്ച് ഡയറക്ടർ ബോർഡിന് തീരുമാനമെടുക്കാവുന്നതാണ് .
2. 01.07.2014 ന് നിലവിലുള്ള 80% ക്ഷാമബത്ത അടിസ്ഥാന ശമ്പളത്തോടൊപ്പം ലയിപ്പിക്കപ്പെടുന്നതാണ്. 01.07.2014 ലെ ക്ഷാമബത്ത പൂജ്യമായിരിക്കും. തുടർന്ന് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവ് പ്രകാരമുള്ള ക്ഷാമബത്ത നിരക്കുകൾ മേല്പറഞ്ഞ ജീവനക്കാർക്കു ബാധകമായിരിക്കുന്നതാണ്.
3. ശമ്പള നിർണ്ണയം സംബന്ധിച്ച് 20/01/2016 ലെ സ ഉ( പി ) നം .07/2016/ധന നം ഉത്തരവിന്റെ അനക്സർ II ലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ് . സർവീസ് വെയിറ്റേജിന് കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷനിലെ റെഗുലർ സർവീസ് മാത്രം പരിഗണിക്കേണ്ടതാണ്.
4. വീട്ടു വാടക ബത്ത 20/01/2016 ലെ സ.ഉ(പി)നം. 7/2016/ധന നമ്പർ ഉത്തരവിന്റെ ഖണ്ഡിക 14 ലെ വ്യവസ്ഥകൾക്കനുസൃതമായി

അനുവദിക്കാവുന്നതാണ് .

5. സിറ്റി കോമ്പൻസേറ്ററി അലവൻസ് 20/01/2016 ലെ സ.ഉ(പി) നം. 7/2016/ധന നമ്പർ ഉത്തരവിന്റെ ഖണ്ഡിക 16 ലെ വ്യവസ്ഥകൾ പ്രകാരം അനുവദിക്കാവുന്നതാണ്. ഇത് നഗരപരിധിയിൽ സ്ഥിതി ചെയ്യുന്ന ഓഫീസുകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് മാത്രമായി നിജപ്പെടുത്തേണ്ടതാണ്.

6. സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് 20/01/2016 ലെ സ.ഉ(പി) നം.7/2016/ധന നമ്പർ ഉത്തരവിന്റെ Annexure III ലെ ഖണ്ഡിക 19 ഒഴികെയുള്ള വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.

7. *10.1.2020-ലെ സ.ഉ.(കൈ) നം.2/2020/സാ.നീ.വ ഉത്തരവ് പ്രകാരം സൂപ്പർ ന്യൂമറിയായി സൃഷ്ടിച്ച വർക്കർ തസ്തികയിൽ നിയമിക്കപ്പെട്ടവർ വിരമിക്കുന്ന മുറയ്ക്ക് ടി തസ്തികകൾ നിർത്തലാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

8. റേഷ്യോ പ്രൊമോഷൻ/അപ്ഗ്രഡേഷൻ/തസ്തിക പുനർ നാമകരണം തുടങ്ങിയവ സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ നടപ്പിലാക്കാൻ പാടില്ല .

9. ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ (ശമ്പളം, അലവൻസുകൾ. ലീവ്, പ്രൊമോഷൻ എന്നിവയുൾപ്പെടെ) സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ യാതൊരു ഭേദഗതിയും വരുത്തുവാൻ പാടുള്ളതല്ല .

10. മേൽ പട്ടികയിലുള്ള തസ്തികകൾക്ക മാത്രമാണ് ഈ ശമ്പള പരിഷ്കരണം ബാധകമായിട്ടുള്ളത്. സർക്കാർ ജീവനക്കാർക്ക് അനുവദനീയമല്ലാത്ത ആനുകൂല്യങ്ങൾ എന്തെങ്കിലും കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷനിലെ ജീവനക്കാർക്ക നല്കുന്നുണ്ടെങ്കിൽ ആയത് ശമ്പള പരിഷ്കരണ ഉത്തരവ് നടപ്പിലാക്കുന്നതിന് മുൻപ് നിർത്തലാക്കേണ്ടതാണ്.

11. സർക്കാരിന്റെ മുൻകൂർ അനുവാദമില്ലാതെ പുതിയ തസ്തികകൾ (റെഗുലർ, deputation, താൽക്കാലികം ദിവസക്കൂലി, കരാർ അടിസ്ഥാനം മുതലായവ) സൃഷ്ടിക്കുവാനോ നിലവിലുള്ളവയുടെ ശമ്പള സ്കെയിൽ ഉയർത്തുവാനോ പാടുള്ളതല്ല.

12. ശമ്പള പരിഷ്കരണ ഉത്തരവിലെ വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും സംശയം ഉണ്ടാകുന്ന പക്ഷം തീരുമാനമെടുക്കുന്നതിനു മുൻപ് ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായേണ്ടതാണ്.

13. കരാർ ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ജീവനക്കാർക്ക് ഈ ശമ്പള പരിഷ്കരണം ബാധകമല്ല. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ. കരാർ അടിസ്ഥാനത്തിലോ ജീവനക്കാരെ നിയമിക്കുമ്പോൾ അവരുടെ സേവന വേതന വ്യവസ്ഥകൾ പരസ്യപ്പെടുത്തേണ്ടതും, ടി ജീവനക്കാരുടെ സേവനം നിശ്ചിത കാലാവധി തീരുന്ന മുറയ്ക്ക് അവസാനിപ്പിച്ച്, സർക്കാർ അംഗീകാരമുള്ള തസ്തികകളിലേക്ക് മാത്രം, നിയമാനുസൃത രീതിയിൽ നിയമനം നടത്തേണ്ടതുമാണ്.

14. എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് പദ്ധതിയിലേക്കുള്ള തൊഴിലുടമാ വിഹിതം സംബന്ധിച്ച് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ആക്ടിലെ വ്യവസ്ഥകളും കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങളും കർശനമായി പാലിക്കേണ്ടതാണ്.

15. യാതൊരു സാഹചര്യത്തിലും സർക്കാർ നൽകുന്ന പ്ലാൻ ഗ്രാന്റ്, ശമ്പളം ഉൾപ്പെടെയുള്ള ഭരണ ച്ചെലവുകൾക്കായി വകമാറ്റി ചെലവഴിക്കാൻ പാടില്ല. പ്ലാൻ ഗ്രാന്റിൽ നിന്നുള്ള ചെലവിന്റെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തേണ്ടതാണ്.

16. സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണ ഉത്തരവിന് അനുബന്ധമായി പിന്നീട് ഇറങ്ങുന്ന ഉത്തരവുകൾ മുൻകൂർ സർക്കാർ അനുമതിയില്ലാതെ കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനിലെ ജീവനക്കാർക്ക് ബാധകമാക്കാൻ പാടില്ല.

17. ശമ്പള പരിഷ്കരണത്തിനു വേണ്ടി വരുന്ന അധിക സാമ്പത്തിക ബാധ്യത കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷന്റെ തനതു ഫണ്ടിൽ നിന്ന് നിർവ്വഹിക്കേണ്ടതാണ്. ഇക്കാര്യത്തിൽ സർക്കാർ ഒരു ബാധ്യതയും ഏറ്റെടുക്കുന്നതല്ല.

18. ഭിന്നശേഷിയുള്ള ജീവനക്കാർക്ക് പ്രതിമാസം 1000/- രൂപ സ്പെഷ്യൽ അലവൻസിന് അർഹതയുണ്ടായിരിക്കുന്നതാണ്.

19. മേൽ നിബന്ധനകളിൽ സർക്കാർ അംഗീകാരമില്ലാതെ നടത്തുന്ന വ്യതിയാനങ്ങൾക്ക് കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷനിലെ മാനേജിംഗ് ഡയറക്ടർ വ്യക്തിപരമായി ഉത്തരവാദിയായിരിക്കുന്നതാണ് ."

9) ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞതിനു ശേഷം പ്രൊപ്പോസൽ Public Enterprises Board-ന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിലേക്കായി ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിലേയ്ക്ക് ഫയൽ സമർപ്പിച്ചിരുന്നു.12.2.2021 ന് നടന്ന Public Enterprises Board ൽ ഈ വിഷയം പരിശോധിച്ചിരുന്നു. കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനിൽ 01.07.2014 മുതൽ നോഷണലായും 01.01.2021 മുതൽ സാമ്പത്തിക ആനുകൂല്യങ്ങളോടു കൂടിയും ശമ്പളപരിഷ്കരണം അനുവദിക്കുന്നതിന് അംഗീകാരം നൽകി. Meeting-ന്റെ തീരുമാനം ചുവടെ പറയും പ്രകാരമാണ്.

Secretary (Social Justice) informed that KSHPWC has been following the State Government pay pattern to its employees.The proposal is for revision ofpay and allowances of the employees of KSHPWC in line with the 10th Pay Revision as allowed to the State Government employees. The Corporation has reported a profit of around Rs.55 lakhs during the last financial year. The additional financial commitment for implementation of the proposed Pay Revision would be around Rs. 14.04 lakhs per annum. The Finance Department has approved the proposal subject to the condition that revision would be notional with effect from 01/07/2014 and financial benefits would be paid witheffect from 01/04/2017 only. However, it is

suggested that the financial benefits may be paid with effect from 01/01/2021 only. After detailed discussions, the Public Enterprises Board approved the proposal for revision of pay and allowances of the employees of KSHPWC in line with 10th State Pay revision subject to the condition that revision would be notional with effect from 01/07/2014 and financial benefits would be paid with effect from 1st January 2021. In the concluding remarks, Chief Secretary advised the Managing Directors of all PSUs that it is their responsibility to reduce all unnecessary expenditure and ensure that they achieve better financial results and sustained growth

10) ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക സമർപ്പിക്കാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

**<u>തീരുമാനമെടുക്കേണ്ട വിഷയം</u>**

സംസ്ഥാന സർക്കാർ ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള 10-ാം ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ 01.07.2014 മുതൽ നോഷണലായും 01.01.2021 മുതൽ സാമ്പത്തിക ആനുകൂല്യങ്ങളോടു കൂടിയും ധനകാര്യവകുപ്പ്, ആസൂത്രണസാമ്പത്തികകാര്യവകുപ്പ് നിർദ്ദേശ പ്രകാരം കേരള സംസ്ഥാന വികലാംഗക്ഷേമ കോർപറേഷനിലെ ജീവനക്കാർക്ക് അനുവദിക്കാവുന്നതാണോ?